# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2629**      09.07.2015-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തോമസ് ഉണ്ണിയാടൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പദ്ധതി സംബന്ധിച്ച തുടർനടപടികൾ വിശദമാക്കാമോ ; | (എ) ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ഡി.എം.ആർ.സി. സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) പദ്ധതികൾക്ക് ആവശ്യമായ സഹായം നൽകുന്നത് ഏത് ഏജൻസിയാണ് ; | (ബി) പദ്ധതിക്കാവശ്യമായ തുകയുടെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും വഹിക്കുകയും, ബാക്കി തുക രാജ്യത്തിനകത്തും പുറത്തുമുള്ള സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കുകയും ചെയ്യണമെന്നാണ് ഡി.പി.ആർ-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഏത് രീതിയിൽ, ഏത് ഏജൻസിയിൽ നിന്നാണ് ധനസഹായം സ്വീകരിക്കേണ്ടത് എന്ന കാര്യം പദ്ധതിക്ക് അംഗീകാരം നൽകിയതിനുശേഷം തീരുമാനിക്കുന്നതാണ്. |
| (സി) ലൈറ്റ് മെട്രോ പദ്ധതി പ്രസ്തുത നഗരങ്ങളിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് എത്രത്തോളം സഹായകമാകുമെന്ന് വ്യക്തമാക്കാമോ ? | (സി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഗതാഗത കുരുക്കുകൾ ലഘൂകരിക്കുന്നതിൽ നിർണ്ണായകമായ കാൽവെയ്പാകും ലൈറ്റ് മെട്രോ പദ്ധതികൾ. റോഡ് വികസനത്തിന് വേണ്ടി വരുന്ന വൻതോതിലുള്ള സ്ഥലമെടുപ്പും, പുനരധിവാസവും മറ്റും വേണ്ടി വരില്ല എന്നതാണ് ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രധാന നേട്ടം. സമയക്ലിപ്തത, സാധാരണക്കാരന് താങ്ങാൻ കഴിയുന്ന നിരക്കുകൾ, സുഖപ്രദമായ യാത്ര, ഇന്ധനലാഭം എന്നിങ്ങനെ മറ്റ് പല ഗുണങ്ങളും ഈ പദ്ധതികൾ മൂലം ഉണ്ടാകും. വൈദ്യുതിയിൽ ഓടുന്ന വണ്ടികൾ ആയതിനാൽ, അന്തരീക്ഷ മലിനീകരണം ഉണ്ടാവില്ല എന്നതും മറ്റൊരു പ്രധാന നേട്ടമാണ്. |

**സെക്ഷൻ ഓഫീസർ**